**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1574** **31-08-2022 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിന്റെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്, ശ്രീ. ജോബ് മൈക്കിൾ, ശ്രീ പ്രമോദ് നാരായൺ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; കൃഷിദർശൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **(എ):** കൃഷി വകുപ്പിന്റെ ശാക്തീകരണത്തിനും കൃഷി ഉദ്യോഗസ്ഥർ മികച്ച രീതിയിൽ പ്രവർത്തിക്കാനും കർഷകർക്ക് മികച്ച സേവനങ്ങൾ നൽകുവാനും ഈ സാമ്പത്തിക വർഷത്തിൽ പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലുമുള്ള സേവനം കൃഷിഭവനുകൾ മുഖേന ലഭ്യമാക്കുന്നതിനായി കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>കൃഷിഭവൻ മുഖേനയുള്ള സേവനങ്ങൾ നേരിട്ട് കർഷകരുടെ വിരൽതുമ്പിലേയ്ക്ക് എത്തിക്കുന്നതിനായി അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) നടപ്പിലാക്കി വരുന്നു.<br><br>കൃഷി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി, നിലവിൽ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുള്ള ഇ-ഓഫീസ് സംവിധാനം കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കാര്യാലയങ്ങളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>കാർഷിക സാങ്കേതികവിദ്യ കർഷക സമൂഹത്തിന് കാര്യക്ഷമമായി കൈമാറുന്നതിന് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കി വരുന്നു.<br><br>**കൃഷി ദർശൻ** |

| | | | |
|---|---|---|---|
| | | | "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോടും തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികളോടും ഉദ്യോഗസ്ഥരോടും സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പരിപാടിയാണ് കൃഷിദർശൻ. പ്രസ്തുത പരിപാടി ഈ വർഷത്തെ സംസ്ഥാനതല കർഷക ദിനാചരണത്തോടനുബന്ധിച്ച് ചിങ്ങം 1 (2022 ആഗസ്റ്റ് 17) -ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.<br><br>സംസ്ഥാനത്തെ മുഴവൻ കാർഷികബ്ലോക്കുകളിലും ഘട്ടംഘട്ടമായാണ് 'കൃഷിദർശൻ' പരിപാടി നടത്തുന്നത്. ഈ സാമ്പത്തിക വർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ജില്ലാതല പരിപാടിയായി ഒന്നാം ഘട്ടവും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ബ്ലോക്കുതല പരിപാടിയായി രണ്ടാം ഘട്ടവും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.<br><br>കൃഷിദർശൻ പരിപാടിയിൽ ബ്ലോക്കിലെ ഒരു പഞ്ചായത്തിനെ മാതൃകാഹരിത പോഷക ഗ്രാമമായും ജില്ലയിലെ ഒരു കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനായും പ്രഖ്യാപിക്കുന്നതായിരിക്കും. ഏറ്റവും നല്ല കർഷക/കർഷകൻ/കുട്ടിക്കർഷകൻ, കാർഷിക കർമ്മസേനാംഗം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, ഹരിത സ്കൂൾ, മാധ്യമ റിപ്പോർട്ടിംഗ്, നവീന കൃഷി രീതി കർഷകൻ, കർഷക സൗഹൃദ ബാങ്ക്, IFS ജൈവ പ്ലോട്ട്, Primary Agricultural Credit Societies (PACS) എന്നിവയ്ക്കും പുരസ്കാരം നൽകുന്നതാണ്. ജില്ലയിലെ ഏറ്റവും നല്ല കൃഷി/മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥരെ ആദരിക്കുന്നതാണ്. പാരിതോഷിക/ കരാർ/താത്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെയും പ്രത്യേകമായി ആദരിക്കുന്നതാണ്. |
| (ബി) | ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; നിലവിൽ പ്രസ്തുത പദ്ധതി നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | **(ബി)**: എല്ലാ വിഭാഗം ജനങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുക, പുതു തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന്റെ പ്രധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കുക, കാർഷിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| | | | “ഞങ്ങളും കൃഷിയിലേക്ക്” പദ്ധതിയുടെ ഭാഗമായി 10000 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും 10000 ഹെക്ടറിൽ ജൈവ കൃഷി നടത്തുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നാളിതുവരെ, സംസ്ഥാനത്തൊട്ടാകെ 25642 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും 20455 ഹെക്ടറിലേയ്ക്ക് ജൈവകൃഷി വ്യാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>“ഞങ്ങളും കൃഷിയിലേക്ക്” പദ്ധതിയുടെ ആരംഭത്തിൽ (2021-22 സാമ്പത്തിക വർഷത്തിൽ) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 34.341 ലക്ഷം പച്ചക്കറി തൈകളും വി.എഫ്.പി.സി.കെ. മുഖേന 7.5 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 10 ലക്ഷം പച്ചക്കറി തൈകളും വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിനായി വിതരണം ചെയ്തു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ “ഞങ്ങളും കൃഷിയിലേക്ക്” പദ്ധതിയുടെ ഭാഗമായി "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 27 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും, വിവിധ ഇനത്തിൽപ്പെട്ട 78 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. കൂടാതെ ഏജൻസി/ അസോസിയേഷനുകൾ മുഖേന 19660 എണ്ണം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.<br><br>ഞങ്ങളും കൃഷിയിലേക്ക് പദ്ധതി നിലവിൽ തടസ്സങ്ങളൊന്നും തന്നെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ കൃഷി വകുപ്പ് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | സ്മാർട്ട് കൃഷിഭവനുകൾ എന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഇതുവരെ സ്മാർട്ട് കൃഷിഭവനുകളാക്കിയവയുടെയും ഭാവിയിൽ ലക്ഷ്യമിടുന്നവയുടെയും വിശദാംശം ലഭ്യമാക്കാമോ? | (സി) | കൃഷി വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് "സ്മാർട്ട് കൃഷിഭവൻ”. സർവ്വീസ് ഡെലിവെറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പ്രാരംഭഘട്ടത്തിലാണ്. അതാതു ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ലഭ്യമാക്കിയ പട്ടിക പരിഗണിച്ച് നിയോജക മണ്ഡല അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായാണ് സ്മാർട്ട് കൃഷിഭവനുകളാക്കേണ്ട കൃഷിഭവനുകളെ തെരഞ്ഞെടുക്കുന്നത്. ഒരു ജില്ലയിൽ 2 കൃഷിഭവനുകൾ എന്ന രീതിയിൽ 28 |

| | | | |
|---|---|---|---|
| | | | കൃഷിഭവനുകളെയും ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ ഒരു കൃഷിഭവൻ എന്ന നിരക്കിൽ 14 കൃഷിഭവനുകളെയും ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ